വകുപ്പിനു കീഴിലുള്ള ഫിനാൻസ് ഇൻസ്പെക്ഷൻ വിഭാഗവും ചീഫ് ടെക്നിക്കൽ എക്സാമിനറും സംസ്ഥാന ആഭ്യന്തര വകുപ്പിനു കീഴിലുള്ള വിജിലൻസ് ആന്റ് ആന്റികറപ്ഷൻ ബ്യൂറോയും പൊതുമരാമത്ത് വകുപ്പിലെ അഴിമതിക്കെതിരെ ശക്തമായ നടപടികൾ എടുത്തുവരുന്നുണ്ട്.

(ബി) ഈ സംവിധാനം കാര്യക്ഷമമായി നടപ്പിലാക്കുന്നത് സർക്കാർ തലത്തിൽ നിരീക്ഷിക്കുന്നുണ്ട്.

ടെണ്ടർ നിരക്കുകൾ

201 (798) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ :
ശ്രീ. കെ. ശിവദാസൻ നായർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്ട്സും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിർമ്മാണ വസ്തുക്കൾക്ക് വില വർദ്ധിക്കുന്നതനുസരിച്ച് കരാർ തുകയിലും ആനുപാതിക മാറ്റം വരുത്തുന്നതിന് പൊതുമരാമത്തിന്റെ കരാർ നിയമങ്ങളിൽ എന്തൊക്കെ വിലവ്യതിയാന വ്യവസ്ഥകൾ പുതുതായി ഉൾപ്പെടുത്തിയിട്ടുണ്ട് ;

(ബി) നിർമ്മാണ വസ്തുക്കളുടെ വില വർദ്ധനമൂലം കരാർ മേഖലയിൽ ഉണ്ടായിരിക്കുന്ന സ്തംഭനാവസ്ഥ ഒഴിവാക്കാൻ പുതിയ ടെണ്ടർ നിരക്കുകളിൽ എന്തൊക്കെ ശാസ്ത്രീയ മാനദണ്ഡങ്ങൾ കൂടി ഉൾപ്പെടുത്തുന്നതിനാണ് നടപടി സ്വീകരിച്ചിട്ടുള്ളത് ;

(സി) ഇക്കാര്യത്തിൽ എന്തൊക്കെ പുതിയ നിർദ്ദേശങ്ങളാണ് സർക്കാരിന്റെ പരിഗണനയിലുള്ളത് ?

ഉത്തരം

(എ) നിർമ്മാണ വസ്തുക്കളുടെ വില വർദ്ധനവിന് ആനുപാതികമായി പൊതുമരമാത്ത് വകുപ്പ് നിരക്കുകൾ (ഷെഡ്യൂൾ ഓഫ് റേറ്റ്സ്) പുതുക്കി നിശ്ചയിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിക്കുന്നുണ്ട്. (2008, 2009, 2010 എന്നീ വർഷങ്ങളിൽ ഇപ്രകാരം നിരക്കുകൾ പുതുക്കി നിശ്ചയിച്ചിട്ടുണ്ട്) എന്നാൽ കരാർ നിയമങ്ങളിൽ വില വ്യതിയാന വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടില്ല.

(ബി) & (സി) നിർമ്മാണ വസ്തുക്കളുടെ കമ്പോള വിലയുമായി പരമാവധി യോജിക്കുന്ന വിധത്തിലാണ് പൊതുമരാമത്ത് വകുപ്പ് ഓരോ പ്രാവശ്യവും ഷെഡ്യൂൾ ഓഫ് റേറ്റ്സ് പുതുക്കി നിശ്ചയിക്കുന്നത്.

LIBRARY ARCHIVES Kerala Legislative Assembly